## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 366 — 06.02.2013-ൽ മറുപടിയ്ക്ക്

## കൂടംകുളം ആണവ നിലയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം ലഭിക്കുമെന്ന് കേന്ദ്ര സർക്കാർ രേഖാമൂലം സംസ്ഥാന സർക്കാരിന് ഉറപ്പ് നൽകിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 2007 ജൂലൈയിലെ കത്ത് പ്രകാരം (2 x 1000 MW) കൂടംകുളം ആണവനിലയം പൂർണ്ണമായി പ്രവർത്തന ക്ഷമമാകുമ്പോൾ 266 MW വൈദ്യുതി കേരളത്തിന് ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) കൂടംകുളത്തു നിന്നും ഏത് ലൈനിലൂടെയാണ് കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; | (ബി) കൂടംകുളത്തു നിന്നും തിരുനെൽവേലി — ഇടമൺ - ഈസ്റ്റ് കൊച്ചി (പള്ളിക്കര) — മാടക്കത്തറ റൂട്ടിൽ 310 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ സ്ഥാപിച്ച് വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) നിലവിലെ ഏതെങ്കിലും പഴയ ലൈനിലൂടെ വൈദ്യുതി കൊണ്ടുവരുന്നത് ലാഭകരമാണോ; ഇത് മൂലമുള്ള പ്രസരണ നഷ്ടം എത്ര ശതമാനമായിരിക്കും എന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) അല്ല. കൂടംകുളത്തു നിന്നുള്ള വൈദ്യുതി ഉദുമൽപ്പേട്ട് — മാടക്കത്തറ — കൊച്ചി റൂട്ടിലൂടെ കൊണ്ടുവരേണ്ടി വരികയാണെങ്കിൽ കേരളത്തിന് ഏകദേശം 10-15% വരെ അധിക പ്രസരണ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. |

(ഡി) കൂടംകുളത്ത് നിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ഏറ്റവും എളുപ്പമുള്ള വൈദ്യുതി ലൈൻ ഏതാണ്; പ്രസ്തുത ലൈൻ വൈദ്യുതി കൊണ്ടുവരുന്നതിന് സജ്ജമാണോ;

(ഇ) കൂടംകുളത്തു നിന്നും തിരുനെൽവേലി-ഇടമൺ-ഈസ്റ്റ് കൊച്ചി 400 കെ.വി. ലൈനിലൂടെ വൈദ്യുതി ഇപ്പോൾ കൊണ്ടുവരാൻ കഴിയുമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കഴിയാത്തത് എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻകഴിയുമെന്നും ഈ സർക്കാർ വന്നതിന് ശേഷം ലൈനിന്റെപണി എത്രത്തോളം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

(ഡി) (ഇ) & (എഫ്) കൂടംകുളത്തു നിന്നും സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ഏറ്റവും എളുപ്പമുള്ള വൈദ്യുതി ലൈൻ പുതിയതായി നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി — ഇടമൺ - കൊച്ചി ഈസ്റ്റ് — മാടക്കത്തറ- DC ലൈനാണ്. ഇതിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും പൂർത്തിയായെങ്കിലും കൊച്ചിയിൽ നിന്നും ഇടമൺ വരെയുള്ള 400 കെ.വി. ലൈൻ നിർമ്മാണം പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കർഷകരുടെ എതിർപ്പ് മൂലം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. റൈറ്റ്-ഓഫ്-വേ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെ ട്ടവരുമായി ചർച്ചകൾ നടത്തി ആയവ പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ.

U.S.Q. No. 366 Parmanmwo-1

F.No.3/3/2007-OM
Government of India
Ministry of Power
****

Shram Shakti Bhavan
New Delhi, 27th July, 2007.

To
Member Secretary,
Southern Regional Power Committee,
Bangalore.

Subject : Allocation of power from Kudankulam Atomic Power Project (2x1000 MW) of NPCIL - Request by Government of Andhra Pradesh to avail from the project - regarding.

Sir,

The original tentative allocation of power from Kudankulam Atomic Power Project (2x1000 MW) by NPCIL was made vide this Ministry's letter no. 8/23/2002-Th-3 dated 28th October, 2002 and Andhra Pradesh was offered 530 MW power from this project. However, following unwillingness on the part of Andhra Pradesh to avail power from this project, the relinquished share of the state was redistributed among other constituents of the region vide this Ministry's letter no. 3/9/2003-OM dated 5th February, 2004, as per the following details:

| States / UT | Tentative allocation (made on 28.10.2002) (MW) | Entitlements after relinquishment of share by Andhra Pradesh (MW) |
|---|---|---|
| Andhra Pradesh | 530 | 0 |
| Karnataka | 286 | 442 |
| Tamil Nadu | 669* | 925* |
| Kerala | 172 | 266 |
| Pondicherry | 43 | 67 |
| Unallocated | 300 | 300 |
| Total | 2000 | 2000 |

* Includes 10% home state entitlement

The final allocation was subject to the PPA to be signed between NPCIL and the State Power Utilities.

Contd...

2. The Hon'ble Chief Minister of Andhra Pradesh, vide letter dated 30.04.2007 addressed to Hon'ble Prime Minister, has requested for reallocation of 530 MW power from Kudankulam APS, earlier relinquished by the state, in view of huge power shortage in thet state and uncertainty in supply of gas. Central Electricity Authority, having examined the matter, has opined that power from this project could be offered to Andhra Pradesh in case any of the beneficiaries is not willing to accept its share as per entitlement given vide this Ministry's letter dated 5th February, 2004.

3. It is, therefore, requested that the matter may be taken up with the beneficiary states / UT of Kudankulam APS to ascertain willingness on the part of any of the beneficiaries to surrender the share of Andhra pradesh in Kudankulam APP which was apportioned to them vide this Ministry's aforementioned letter dated 5th February, 2004. The position may be communicated to this Ministry urgently to take further necessary action in the matter.

27/7/07

(K. Lal)
Under Secretary to Govt. of India

Section Officer